C 22669 (Pages : 2) Name.....................................

Reg. No...................................

# FOURTH SEMESTER M.A. DEGREE (SUPPLEMENTARY) EXAMINATION, APRIL 2022

(CUCSS)

Malayalam

MAL 4E4/16 (b)—KERALEEYA CHINTHA

(2014 to 2018 Admissions)

Time : Three Hours Maximum : 36 Weightage

I. എല്ലാ ചോദ്യങ്ങൾക്കും ലഘു ഖണ്ഡികയിൽ ഉത്തരമെഴുതുക.

1 വാസ്തുവിദ്യ എന്നാലെന്ത് ?

2 പ്രാപഞ്ചിക ജീവിതം ക്ഷണപ്രഭാചഞ്ചലമാണെന്നു പറയാൻ കാരണമെന്ത് ?

3 'സരസ്വതീ വിജയം' എഴുതാനിടയായ സാഹചര്യം എന്തായിരുന്നു ?

4 ഫ്യൂച്ചറിസം എന്നാലെന്ത് ?

5 സംന്യാസത്തെപ്പറ്റിയുള്ള വിവിധ അഭിപ്രായങ്ങൾ ഏതെല്ലാം ?

6 ദലിത് സാഹിത്യം എന്നാലെന്ത് ?

7 സാമുദായിക പരിഷ്ക്കരണ ശ്രമങ്ങളിൽ പ്രധാനമായും വി.ടി. ഭട്ടതിരിപ്പാട് ശ്രദ്ധ വച്ചത് എന്തിലായിരുന്നു ?

8 'ജാതിക്കുമ്മി'യുടെ പ്രമേയമെന്ത് ?

9 സാഹിത്യത്തിൽ തത്ത്വവിചാരം ഹൃദ്യമാകുന്നതെങ്ങനെ ?

10 കവിതയ്ക്ക് ഷെല്ലി നല്കുന്ന നിർവ്വചനമെന്ത് ?

11 ന്യൂനപക്ഷം (minority) എന്ന പദം കൊണ്ട് ദെലേസും ഗത്താരിയും അർത്ഥമാക്കുന്നതെന്താണ് ?

12 '19-ാം നൂറ്റാണ്ടിലെ അറിവുകളെപ്പോലെ 20-ാം നൂറ്റാണ്ടിന്റെ അറിവുകൾ സ്വസ്ഥങ്ങളല്ല '—എന്തുകൊണ്ട് ?

13 പ്രചാരണ വേലയ്ക്കു വേണ്ടിയുണ്ടായ കൃതിയാണ് 'രാമായണം' എന്ന് മാരാർക്കു തോന്നിയതെന്തുകൊണ്ട് ?

14 "അതുമിതുമല്ല സദർത്ഥമല്ല ഹംസ
ച്ചിദമൃതമെന്നു തെളിഞ്ഞു, ധീരനായി
സദസദിതി പ്രതിപത്തിയറ്റുസത്തോ-
മിതമൃദുവായ് മൃദുവായ മർന്നിടേണം"

—വ്യാഖ്യാനിക്കുക.

(14 × 1 = 14 weightage)

Turn over

CHMK LIBRARY UNIVERSITY OF CALICUT

II. ഏതെങ്കിലും **ഏഴ്** ചോദ്യത്തിന് ലഘൂപന്യാസം തയ്യാറാക്കുക.

15 ഭൗതിക സുഖങ്ങളിൽ അമിതാസക്തി പ്രകടിപ്പിക്കുന്നവരെ പൂന്താനം കഠിനമായി പരിഹസിക്കുന്നതെങ്ങനെ ?

16 കലയുടെ വൈവിധ്യത്തിനുള്ള കാരണമെന്ത് ?

17 രാമനിലുള്ള സ്നേഹ വൈകല്യത്തിന്റെ സ്വാഭാവികമായ പരിണാമം എന്തായിരുന്നു ?

18 ബുദ്ധന്റെ പ്രധാനദൗത്യം എന്തായിരുന്നു ?

19 ഡയലറ്റിക്സിന്റെ പ്രസക്തിയെന്ത് ?

20 ആചാരങ്ങളുടെ അർത്ഥശൂന്യതയെ ആർജ്ജിത വിജ്ഞാനത്തിന്റെ ബലത്തിൽ 'സരസ്വതീവിജയ'ത്തിൽ ചോദ്യം ചെയ്യുന്നതെങ്ങനെ ?

21 "അധിക വിശാല മരുപ്രദേശമൊന്നായ്
നദി പെരുകുന്നതു പോലെ വന്നു നാദം
ശ്രുതികളിൽ വീണു തുറക്കുമക്ഷിയെന്നും
യതമിയലും യതിവര്യ നായിടേണം"

—വ്യാഖ്യാനിക്കുക.

22 സാഹിത്യവും തത്ത്വചിന്തയും വേറിട്ടു നില്ക്കുന്നതെങ്ങനെ ?

23 സി.വി. രാമൻപിള്ള തന്റെ കൃതികളുടെ രചനയിലൂടെ മലയാള ഭാഷയെ ഭാഷയെന്ന നിലയിൽ വിന്യസിച്ചതെങ്ങനെ ?

24 സ്ത്രീപക്ഷ രാഷ്ട്രീയത്തോട് രാഷ്ട്രീയ കക്ഷികൾ വച്ചു പുലർത്തുന്ന കടുത്ത വിരോധത്തെപ്പറ്റി ലേഖികമാരുടെ അഭിപ്രായങ്ങൾ ഉദാഹരണസഹിതം വിവരിക്കുക.

(7 × 2 = 14 weightage)

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉപന്യാസം തയ്യാറാക്കുക.

25 ജാത്യാനാചാരങ്ങൾക്കെതിരെയുള്ള പ്രതിഷേധത്തിന്റെ ആദികാവ്യമാണ് 'ജാതിക്കുമ്മി'—പരിശോധിക്കുക.

26 തദ്ദേശീയ ജീവിതത്തിലൂടെ രൂപപ്പെട്ട ജ്ഞാനനിർമ്മിതികളാണ് 'നാട്ടറിവുകൾ' ഉദാഹരണസഹിതം ചർച്ച ചെയ്യുക.

27 സംന്യാസത്തെ മുൻനിർത്തി അഴീക്കോട് അവതരിപ്പിക്കുന്ന ആശയതലങ്ങളെപ്പറ്റി വിശകലനം ചെയ്യുക.

28 'ശാസ്ത്രദർശനത്തിന് ഒരാമുഖം' എന്ന ലേഖനത്തിലൂടെ നിസ്സാർ അഹമ്മദ് പങ്കു വെയ്ക്കുന്ന ആശയതലങ്ങളെപ്പറ്റി ഉപന്യസിക്കുക.

(2 × 4 = 8 weightage)

CHMK LIBRARY UNIVERSITY OF CALICUT

C 22668 (Pages : 2) Name..................................

Reg. No..................................

# FOURTH SEMESTER M.A. DEGREE (SUPPLEMENTARY] EXAMINATION, APRIL 2022

(CUCSS)

Malayalam

MAL 4C 14—VIVARTHANAM : THATHVAVUM PRAYOGAVUM

(2014 to 2018 Admissions)

Time : Three Hours Maximum : 36 Weightage

I. എല്ലാ ചോദ്യത്തിനും ലഘു ഖണ്ഡികയിൽ ഉത്തരമെഴുതുക.

1 നികഷോപലവാദം എന്നാലെന്ത് ?

2 ചലനാത്മക തുല്യതാ പരിഭാഷ എന്തെന്നു വിവരിക്കുക.

3 വിവർത്തനം എന്നാലെന്ത് ? സ്രോതഭാഷ, ലക്ഷ്യഭാഷ ഇവ എന്തെന്ന് വ്യക്തമാക്കുക.

4 വിവർത്തനം ശാസ്ത്രമാകുന്നതെപ്പോൾ ?

5 ഭാഷാ കേന്ദ്രിത പരിഭാഷ എന്നാലെന്ത് ?

6 വിവർത്തന പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ഏവ ? വിശദമാക്കുക.

7 കഥാവിവർത്തനത്തിലെ പരിമിതികൾ എന്തെല്ലാം ?

8 പണ്ഡിതപരിതോഷവാദം എന്നാലെന്ത് ?

9 'ബഷീർ കൃതികൾ വിവർത്തന ക്ഷമമല്ല'—എന്തു കൊണ്ട് ?

10 സൗന്ദര്യാത്മക വിവർത്തനം എന്തെന്നു വ്യക്തമാക്കുക.

11 പഴഞ്ചൊല്ലുകളുടെ വിവർത്തനത്തിലെ പ്രശ്നങ്ങൾ ഏവ ?

12 സാങ്കേതിക പദങ്ങളുടെ പരിഭാഷയിലെ പരിമിതികൾ എന്തെല്ലാം ?

13 കേസരി എ. ബാലകൃഷ്ണപിള്ളയുടെ വിവർത്തന രീതിയെപ്പറ്റി വിവരിക്കുക.

14 വിവർത്തന സമമൂല്യത എന്നാലെന്ത് ?

(14 × 1 = 14 weightage)

II. ഏതെങ്കിലും ഏഴ് ചോദ്യത്തിന് ലഘൂപന്യാസം തയ്യാറാക്കുക :

15 ചങ്ങമ്പുഴയുടെ വിവർത്തന രീതിയുടെ സവിശേഷതകൾ എന്തെല്ലാം ?

16 നാടകം വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ ?

17 സർഗാത്മക കൃതികളുടെ പരിഭാഷയിലെ പ്രശ്നങ്ങൾ ഏവ ? അവ എങ്ങനെ പരിഹരിക്കാം ?

Turn over

CHMK LIBRARY UNIVERSITY OF CALICUT

18 പരിഭാഷയ്ക്കു വഴങ്ങാത്ത പദങ്ങൾ, ശൈലികൾ എന്നിവ വിവർത്തനത്തിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം ?

19 കവിതാ വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട വസ്തുതകളെപ്പറ്റി വിവരിക്കുക.

20 നാലപ്പാട്ടു നാരായണ മേനോൻ, ഏ. ആർ. രാജരാജവർമ്മ എന്നിവരുടെ പരിഭാഷാരീതികളെ താരതമ്യം ചെയ്യുക.

21 ടാഗോറിന്റെ 'ഗീതാഞ്ജലി'യുടെ പരിഭാഷ മൂലകൃതിയോട് നീതി പുലർത്തുന്നുണ്ടോ ? പരിശോധിക്കുക.

22 ശാസ്ത്രകൃതികളുടെ പരിഭാഷയിൽ ശ്രദ്ധിക്കേണ്ട ഘടകങ്ങൾ എന്തെല്ലാം ?

23 എഴുത്തച്ഛന്റെ വിവർത്തനരീതിയുടെ സവിശേഷതകളെപ്പറ്റി വിവരിക്കുക.

24 അവിവർത്തനീയത എന്തെന്നു ഉദാഹരണസഹിതം വിവരിക്കുക.

(7 × 2 = 14 weightage)

III. ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉപന്യാസം തയ്യാറാക്കുക :

25 'കാഴ്ച' എന്ന കഥയുടെ വിവർത്തനം മൂലകൃതിയോട് സമമൂല്യത പുലർത്തുന്നുണ്ടോയെന്ന് വിലയിരുത്തുക.

26 മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്കുള്ള ഏതു വിവർത്തനങ്ങൾക്കും പൊതുവായ ചില പ്രശ്നങ്ങൾ ഉണ്ട് 'ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു' എന്ന നോവലിന്റെ പരിഭാഷയായ 'Me Grandad Ad An Elephant' നെ ആധാരമാക്കി വിലയിരുത്തുക.

27 'The God of small things' ന്റെ വിവർത്തനം ലക്ഷ്യഭാഷയുടെ അന്തരീക്ഷത്തിന് ഇണങ്ങുന്ന രീതിയിലാണോ നിർവ്വഹിച്ചിരിക്കുന്നത് –പരിശോധിക്കുക.

28 ഇടപ്പള്ളി കരുണാകര മേനോൻ, എൻ. കെ. ദാമോദരൻ എന്നിവരുടെ പരിഭാഷാരീതികളെ താരതമ്യം ചെയ്യുക.

(2 × 4 = 8 weightage)

CHMK LIBRARY UNIVERSITY OF CALICUT

C 22667 (Pages : 2) Name.....................................

Reg. No..................................

# FOURTH SEMESTER M.A. DEGREE (SUPPLEMENTARY) EXAMINATION, APRIL 2022

(CUCSS)

Malayalam

MAL 4C 13—SAHITYA SIDHANTAM [ADHUNIKAM]

(2014 to 2018 Admissions)

Time : Three Hours Maximum : 36 Weightage

I. എല്ലാ ചോദ്യത്തിനും ലഘുഖണ്ഡികയിൽ ഉത്തരമെഴുതുക.

1 ഇംപ്രഷനിസം എന്ന സാഹിത്യ പ്രസ്ഥാനത്തിന് ചിത്രകലയുമായുള്ള ബന്ധം വ്യക്തമാക്കുക.

2 ക്ലാസ്സിക് എന്ന പദത്തിന്റെ അർത്ഥവിവക്ഷ എന്ത് ?

3 പ്രതീകം (Symbol) എന്നാൽ എന്ത് ?

4 കവിതയ്ക്ക് യോജിച്ചത് ദേശ്യഭാഷയാണെന്ന് ദാന്തെ പറയുന്നത് എന്തടിസ്ഥാനത്തിലാണ് ?

5 പ്രതിഭാശക്തി, ഭാവന എന്നിവയെക്കുറിച്ചുള്ള ഡോ. ജോൺസണിന്റെ അഭിപ്രായമെന്ത് ?

6 വസ്തുസംയോജകം (objective correlative) എന്നാൽ എന്ത് ?

7 ഇമ്മാനുവൽ കാന്റിന്റെ സൗന്ദര്യസങ്കല്പം എന്താണ് ?

8 കവി യഥാർത്ഥത്തിൽ സ്രഷ്ടാവാണെന്ന് ഫിലിപ്പ് സിഡ്നി സ്ഥാപിക്കുന്നതെങ്ങനെ ?

9 പൗരസ്ത്യവാദ(orientalism) ത്തിന്റെ അടിസ്ഥാന സങ്കല്പം എന്താണ് ?

10 വ്യാഖ്യാനശാസ്ത്രം (Hermaneutics) എന്നാൽ എന്ത് ?

11 ലിബറൽ ഫെമിനിസവും റാഡിക്കൽ ഫെമിനിസവും തമ്മിലുള്ള ആശയപരമായ വ്യത്യാസം എന്താണ് ?

12 സഞ്ചിതാവബോധം (collective unconsciousness) എന്നാൽ എന്ത് ?

13 ക്രോച്ചെയുടെ അഭിപ്രായത്തിൽ ജ്ഞാനത്തിന്റെ രണ്ട് രൂപങ്ങൾ ഏതെല്ലാമാണ് ?

14 ഉത്തരഘടനാവാദത്തിലെ പാഠം (Text) എന്താണ് ?

(14 × 1 = 14 weightage)

II. ഏതെങ്കിലും **ഏഴു** ചോദ്യത്തിന് ലഘൂപന്യാസം തയ്യാറാക്കുക :

15 എപ്പിക്കുകളുടെ സാമാന്യ ലക്ഷണങ്ങൾ വിശദമാക്കുക.

16 ഇമേജിസത്തിന് ആമി ലോവൽ തയ്യാറാക്കിയ പ്രകടനപത്രികയിലെ പ്രധാന ആശയങ്ങൾ എന്തെല്ലാമാണ് ?

Turn over

CHMK LIBRARY UNIVERSITY OF CALICUT

17 കല മതാധിഷ്ഠിതമായിരിക്കണമെന്ന് നിഷ്കർഷിക്കുമ്പോൾ ടോൾസ്റ്റോയി അർത്ഥമാക്കുന്നതെന്ത് ?

18 ഇമാജിനേഷനും ഫാൻസിയും തമ്മിലുള്ള വ്യത്യാസമെന്ത് ?

19 പ്രായോഗികനിരൂപണ(practical criticism)ത്തിന്റെ രീതിശാസ്ത്രം വെളിവാക്കുക.

20 കവിതയെക്കുറിച്ചുള്ള വേർഡ്സ്‌വർത്തിന്റെ സങ്കല്പത്തിൽ നിന്ന് ടി. എസ്. എലിയട്ടിന്റെ കാഴ്ചപ്പാട് വിഭിന്നമാകുന്നതെങ്ങനെ ?

21 ജൂലിയ ക്രിസ്റ്റേവയുടെ പാഠാന്തരത്വം (Intertextuality) എന്ന സങ്കല്പത്തെക്കുറിച്ച് വിവരിക്കുക.

22 ഭാഷാപഗ്രഥനത്തിൽ സൊസ്യൂർ കണ്ടെത്തിയ നാല് ദ്വന്ദ്വ മാതൃകകൾ ഏവ ? ഓരോന്നിനെക്കുറിച്ചും ലഘുവിവരണം തയ്യാറാക്കുക.

23 ആഖ്യാനശാസ്ത്ര(Narratology)ത്തിന് വ്ലാഡിമിർ പ്രോപ്പ് നൽകിയ സംഭാവനകൾ അവലോകനം ചെയ്യുക.

24 കോളനിയാനന്തര വിമർശനത്തിന്റെ ഗതി നിർണ്ണയിക്കുന്നതിൽ ഗായത്രി ചക്രവർത്തി സ്പിവക് വഹിച്ച പങ്കെന്ത് ?

(7 × 2 = 14 weightage)

III. ഏതെങ്കിലും **രണ്ടെണ്ണത്തിന്** ഉപന്യാസം തയ്യാറാക്കുക :

25 റൊമാന്റിസിസത്തിന്റെ പാരമ്യമാണ് സർറിയലിസം എന്ന അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

26 കാവ്യഭാഷയെക്കുറിച്ചുള്ള വേർഡ്സ്‌വർത്തിന്റെയും കോളറിഡ്ജിന്റെയും അഭിപ്രായങ്ങൾ താരതമ്യം ചെയ്യുക.

27 ഭാഷാ ശാസ്ത്രത്തിലും മനോവിജ്ഞാനീയത്തിലും കാവ്യപഠനത്തെ ഉറപ്പിച്ചു നിർത്താനാണ് ഐ.എ. റിച്ചാർഡ്സ് ശ്രമിച്ചത് –വിമർശനാത്മകമായി വിലയിരുത്തുക.

28 ഒരു സൗന്ദര്യശാസ്ത്രപദ്ധതി എന്നതിനപ്പുറം മനുഷ്യ വർഗ്ഗത്തിന്റെ നിലനില്പിനെക്കുറിച്ചുള്ള അന്വേഷണം കൂടിയാണ് പരിസ്ഥിതി നിരൂപണം (Ecocriticism)— നിരൂപിക്കുക.

(2 × 4 = 8 weightage)

CHMK LIBRARY UNIVERSITY OF CALICUT

C 22628–A (Pages : 4) Name..................................

Reg. No..................................

FOURTH SEMESTER M.A. (REGULAR/SUPPLEMENTARY) DEGREE EXAMINATION, APRIL 2022

April 2021 Session for SDE/Private Students

(CBCSS)

MALAYALAM

MAL 4C16 – പ്രബന്ധ രചനയും ഗവേഷണ രീതിശാസ്ത്രവും

(2019 Admission onwards)

(Multiple Choice Questions for SDE Candidates)

| Time : 15 Minutes | Total No. of Questions : 20 | Maximum : 20 Marks |
|---|---|---|

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices (A), (B), (C) and (D) having one correct answer. Choose the correct answer and enter it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY UNIVERSITY OF CALICUT

MAL 4C16 – പ്രബന്ധ രചനയും ഗവേഷണ രീതിശാസ്ത്രവും

(Multiple Choice Questions for SDE Candidates)

1. ഗവേഷണപദ്ധതി എന്ന പുസ്തകമെഴുതിയതാര്?

   (A) ഡോ. കെ. എം. പ്രഭാകരവാര്യർ (B) ഡോ. ചാത്തനാത്ത് അച്യുതനുണ്ണി

   (C) ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ (D) ഡോ. എം.വി. വിഷ്ണുനമ്പൂതിരി

2. ഗവേഷണത്തിൽ അപ്രസക്തമായ നിരീക്ഷണമേത്?

   (A) ഗവേഷണം ക്ഷമാപൂർവം, തിടുക്കമില്ലാതെ നടത്തുന്ന മനുഷ്യപ്രവർത്തനവുമാണ്.

   (B) പ്രാഥമികവും നേരിട്ടുള്ളതുമായ ഉറവിടങ്ങളിൽനിന്നു കണ്ടെടുക്കുന്ന പുതിയ അറിവുകളോ ദത്തങ്ങളോ ആണ് ഗവേഷണത്തിന്റെ ആധാരശിലകൾ.

   (C) ഗവേഷണം അസാധുവായ ദത്തശേഖരണോപകരണങ്ങളെപ്പോലും ഉപയാഗിക്കുന്നു.

   (D) ഗവേഷണത്തിൽ ശ്രദ്ധാപൂർവ്വമുള്ള രേഖപ്പെടുത്തലും അവലോകനവുമുണ്ട്.

3. ഒരു സമാന്തരസമീപനത്തിലൂടെ എന്തിന്റെയെങ്കിലും ഉദ്ദേശ്യമോ ഭാവമോ ഘടനയോ മെച്ചപ്പെട്ടതാണെന്നു കാണിക്കുന്ന പ്രവർത്തനമാണ്...?

   (A) നിരൂപണം (B) വിമർശനം

   (C) താരതമ്യം (D) അപഗ്രഥനം

4. സൗന്ദര്യശാസ്ത്രത്തിന്റെ അടിസ്ഥാനതത്ത്വം ഏത്?

   (A) കലാതത്ത്വചിന്ത (B) സൌന്ദര്യാന്വേഷണം

   (C) രൂപപരമായ അന്വേഷണം (D) ഭാവപരമായ അന്വേഷണം

5. വിഷയത്തിന്റെ വ്യാപ്തി തിരഞ്ഞെടുക്കാനും പരിമിതപ്പെടുത്താനും സഹായിക്കുന്ന ഘടകമേത്?

   (A) രീതിശാസ്ത്രനിർണയനം (B) പശ്ചാത്തലവായന

   (C) എഴുത്തുപരിശീലനം (D) ശീർഷകരചന

6. പരികല്പന എന്നാലെന്ത്?

   (A) രീതിശാസ്ത്രനിർണയനം

   (B) പൂർവപഠനനിരാസത്തിനായുള്ള ബൌദ്ധികവ്യായാമം

   (C) ശാസ്ത്രീയഗവേഷണത്തിലൂടെ പരീക്ഷിക്കാവുന്ന ഒരു പ്രസ്താവന

   (D) ഭാവനാസഞ്ചാരം

7. ദ്വിതീയാകരങ്ങൾ (Secondary Sources) ക്കിണങ്ങാത്ത പ്രസ്താവനയേത്?

   (A) മറ്റൊരു സ്രോതസ്സിൽ ആദ്യം അവതരിപ്പിച്ച വിവരങ്ങളോ വിശദാംശങ്ങളോ വിവരിക്കുന്ന ആഖ്യാനങ്ങൾ

   (B) പൂർവപാഠത്തെ സംഗ്രഹിക്കുകയോ അല്ലെങ്കിൽ ചർച്ച ചെയ്യുകയോ ചെയ്യുന്നു.

   (C) ഇവ വിശാലവായനാസമൂഹത്തിനായി എഴുതിയവയാണ്

   (D) ഇവ അയഥാർഥങ്ങളാണ്

CHMK LIBRARY UNIVERSITY OF CALICUT

8. ഒരു വിഷയത്തെക്കുറിച്ചുള്ള മുൻകാലഗവേഷണങ്ങളുടെയോ പഠനങ്ങളുടെയോ സമഗ്രസംഗ്രഹമാണ്...?

(A) ആർക്കൈവ്സ് (B) പൂർവപഠനങ്ങൾ

(C) പശ്ചാത്പഠനങ്ങൾ (D) നിഘണ്ടുക്കൾ

9. ആദ്യത്തെ സ്ഥൂലരചന വീണ്ടും വീണ്ടും വായിക്കേണ്ട ആവശ്യമെന്ത്?

(A) തെളിവുകൾ വാദത്തെ ശരിയായി പിന്തുണയ്ക്കുന്നുണ്ടോ എന്നു നിശ്ചയിക്കാൻ

(B) ശീർഷകം പുതുക്കിയെഴുതാൻ

(C) സിനോപ്സിസ് എഴുതാൻ

(D) ഉപസംഹാരം എഴുതാൻ

10. പ്രബന്ധത്തിന്റെ ഭാഷ എങ്ങനെയുള്ളതാണ്?

(A) പ്രാദേശികഭേദങ്ങൾ നിറഞ്ഞത് (B) മാനകഭാഷ

(C) സമുദായഭാഷ (D) മതഭാഷ

11. ഗവേഷണത്തിൽ കൃത്യതയുമായി ബന്ധമില്ലാത്തതേത്?

(A) സാമ്പത്തികമായ കൃത്യത (B) പ്രമാണപരമായ കൃത്യത

(C) ശൈലീപരമായ കൃത്യത (D) സാങ്കേതികകൃത്യത

12. പാരായണസുകരതയ്ക്കു സഹായകമാകാത്ത ഘടകമേത്?

(A) വലിയ വാക്യങ്ങൾ (B) പരമാവധി കർത്തരിപ്രയോഗം

(C) ധാരണാവേഗം (D) സരളമായ ശൈലി

13. പ്രമാണപരിശോധനയിൽ പ്രസക്തമായതേത്?

(A) ചഞ്ചലമായ പരിശോധനാശൈലി നിലനിർത്തുക

(B) രചനാമനോഭാവത്തോടെ കൃതിയിലേയ്ക്കു കടക്കുക

(C) ഒരു സമയം ഒരു പ്രതീകം മാത്രം വായിക്കുക, പരിശോധിക്കുക

(D) കൃതിയോട് നിർമാണാത്മകമായ അടുപ്പം പാലിക്കുക

14. പഠനലക്ഷ്യം പരികല്പന, പഠനത്തിന്റെ പ്രസക്തി, പൂർവപഠനങ്ങൾ പഠനവ്യാപ്തി, അധ്യായവിഭജനം, രീതിശാസ്ത്രവിവരണം, വിപുലീകരണനിർദേശം എന്നിവ കടന്നുവരുന്ന പ്രബന്ധഭാഗമേത്?

(A) ആമുഖം (B) ഉപസംഹാരം

(C) ഒന്നാം ആധ്യായം (D) അവസാന അധ്യായം

CHMK LIBRARY UNIVERSITY OF CALICUT

15. തിരഞ്ഞെടുത്ത വിഷയത്തിനും പ്രമേയത്തിനുമുള്ള ഗവേഷകരുടെ യുക്തി വിശദീകരിക്കാനുള്ള നല്ല ഇടമേത്?

(A) ഉപസംഹാരം (B) ഒന്നാം അധ്യായം

(C) ആമുഖം (D) ഗ്രന്ഥസൂചി

16. വിഷയത്തെക്കുറിച്ചുള്ള പഠിതാവിന്റെ സ്വന്തം ധാരണകളെ വ്യാഖ്യാനിക്കുന്ന ഭാഗമേത്?

(A) കേന്ദ്രാധ്യായങ്ങൾ (B) ഉപക്രമം

(C) ഉപസംഹാരം (D) ഗ്രന്ഥസൂചി

17. ഗവേഷണപ്രക്രിയയിൽ ഉപയോഗിച്ച എല്ലാ സ്രോതസ്സുകളുടെയും (റഫറൻസ് ചെയ്താലും ഇല്ലെങ്കിലും) പട്ടികയാണ്...?

(A) അനുബന്ധം (B) ഉള്ളടക്കം

(C) ഗ്രന്ഥസൂചി (D) ആവർത്തനപ്പട്ടിക

18. ഗവേഷകരെ അച്ചടക്കവും സത്യസന്ധതയും പഠിപ്പിക്കുന്ന ഭാഗമേത്?

(A) ഉപസംഹാരം

(B) ഉപക്രമം

(C) സിനോപ്സിസ്

(D) പരാമർശരചനയും ഗ്രന്ഥസൂചിയുമുൾക്കൊള്ളുന്ന ഡോക്യുമെന്റേഷൻ

19. കരടുരചനയിൽ പ്രധാനമല്ലാത്തത്?

(A) വിഷയത്തെക്കുറിച്ചുള്ള വിമർശനാത്മകാഭിപ്രായത്തിന്റെ പ്രധാന വസ്തുതകൾ മനസ്സിൽ സൂക്ഷിക്കുക.

(B) പുസ്തകങ്ങളുടെ സമീപകാലപതിപ്പുകളും ആധുനികസാങ്കേതികവിദ്യകളും എപ്പോഴും പിന്തുടരുക

(C) ദ്വിതീയത്തേക്കാൾ തൃതീയ ഉറവിടങ്ങളെ ആശ്രയിക്കുക.

(D) എല്ലായ്പ്പോഴും അധ്യായങ്ങളുടെ അനുപാതത്തിൽ ശ്രദ്ധിക്കുക.

20. ഗവേഷണപ്രബന്ധങ്ങളിലെ രേഖപ്പെടുത്തലിൽ വരാത്തതേത്?

(A) ഗ്രന്ഥസൂചി (B) അടിക്കുറിപ്പുകൾ

(C) അധ്യായാന്തക്കുറിപ്പുകൾ (D) നിഗമനങ്ങൾ

CHMK LIBRARY UNIVERSITY OF CALICUT

C 22628 (Pages : 2 Name..................................

Reg. No..................................

# FOURTH SEMESTER M.A. (REGULAR/SUPPLEMENTARY) DEGREE EXAMINATION, APRIL 2022

**April 2021 Session for SDE/Private Students**

(CBCSS)

MALAYALAM

MAL 4C16 – പ്രബന്ധ രചനയും ഗവേഷണ രീതിശാസ്ത്രവും

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

**General Instructions**

**Covid Instructions are not applicable for Pvt/SDE students (April 2021 session)**

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *The instruction if any, to attend a minimum number of questions from each sub section / sub part / sub division may be ignored.*
4. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

I. ഏതെങ്കിലും നാലു ചോദ്യത്തിന് ഷോർട്ട് ആൻസർ തയ്യാറാക്കുക.

1. ഗവേഷണത്തെക്കുറിച്ചുള്ള വിവിധ നിർവചനങ്ങളിൽ സ്വീകാര്യമായത് ഏത്?
2. ശാസ്ത്രീയമായ പരികല്പന (Hypothesis) ങ്ങൾക്ക് ആവശ്യമായ ഗുണങ്ങൾ എന്തൊക്കെയാണ്?
3. ഗവേഷണപ്രക്രിയയിൽ വിഷയസ്വീകരണത്തിനുള്ള പ്രാധാന്യം എന്തെന്ന് വ്യക്തമാക്കുക.
4. ദത്തങ്ങളുടെ പരിചരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
5. ഗ്രന്ഥസൂചി തയ്യാറാക്കുന്നതിന്റെ രീതിശാസ്ത്രം വെളിവാക്കുക.
6. ഗവേഷണചോരണ (Plagiarism) ത്തിന്റെ പരിധിയിൽ വരുന്നത് എന്തെല്ലാമാണ്?
7. പ്രമാണപരിശോധന (Proof Reading) യിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

(4 × 2 = 8 weightage)

CHMK LIBRARY UNIVERSITY OF CALICUT

II. ഓരോന്നിനും നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക.

8. ഗവേഷണത്തിൽ പരീക്ഷണനിരീക്ഷണങ്ങൾക്കുള്ള പ്രാധാന്യമെന്ത്?

9. അന്തർവൈജ്ഞാനികഗവേഷണവും ബഹുവൈജ്ഞാനിക ഗവേഷണവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.

10. ആകരം (Source) എന്നാൽ എന്ത്? എത്ര വിധം? വിശദമാക്കുക.

11. പ്രബന്ധസംശോധനത്തിലെ അടിസ്ഥാന സങ്കല്പങ്ങൾ എന്തൊക്കെയാണ്?

12. ജ്ഞാനത്തെക്കുറിച്ച് വിശദമാക്കാൻ പ്രദീപൻ പാമ്പിരിക്കുന്ന് ഉദാഹരിക്കുന്ന കല്ലിന്റെ കഥ എന്താണ്?

13. സാധാരണ പഠനത്തിൽ നിന്ന് ഗവേഷണം എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

14. പ്രബന്ധത്തിന്റെ പേജ്, ലേ ഔട്ട്, ഫോണ്ടുകൾ എന്നിവ സംബന്ധിച്ചുള്ള പൊതുവായ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്?

(4 × 3 = 12 weightage)

III. ഓരോന്നിനും ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

15. വ്യത്യസ്ത ഗവേഷണരീതികളെക്കുറിച്ച് വിവരണക്കുറിപ്പുകൾ തയ്യാറാക്കുക.

16. പൂർവപഠനം എന്നാൽ എന്ത്? പൂർവപഠനവിമർശനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുക.

17. കൊടുങ്ങല്ലൂരിന്റെ പ്രാദേശികചരിത്രരചനയിൽ ഗവേഷകനു നേരിടേണ്ടിവന്ന വെല്ലുവിളികൾ എന്തൊക്കെയായിരുന്നു?

18. പ്രബന്ധസംവിധാനത്തെക്കുറിച്ചുള്ള ഡോ. ആർ.വി.എം. ദിവാകരന്റെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

**C 22367-A** (Pages : 4) Name.......................................

Reg. No...................................

**FOURTH SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, APRIL 2022**

(CBCSS)

Malayalam

MAL 4C 14/SKT 4E 13—SANSKRIT LITERATURE FOR BEGINNERS

(2019 Admission onwards)

(Multiple Choice Questions for SDE Candidates)

| | | |
|---|---|---|
| **Time : 20 Minutes** | **Total No. of Questions : 20** | **Maximum : 5 Weightage** |

## INSTRUCTIONS TO THE CANDIDATE

1. This Question Paper carries Multiple Choice Questions from 1 to 20.
2. The candidate should check that the question paper supplied to him/her contains all the 20 questions in serial order.
3. Each question is provided with choices having one correct answer. Choose the correct answer and write it in the main answer-book.
4. The MCQ question paper will be supplied after the completion of the descriptive examination.

CHMK LIBRARY UNIVERSITY OF CALICUT

MAL 4C 14/SKT 4E 13—SANSKRIT LITERATURE FOR BEGINNERS

(Multiple Choice Questions for SDE Candidates)

1. प्रगल्भवाक् कः ?

(सखी, पार्वती, ब्रह्मचारी)

2. 'तमातिथेयी बहुमानपूर्वया ——————' कम् ?

(हिमवन्तम्, ब्रह्मचारिम्, मुनिम्)

3. 'शरीरमाद्यं खलु धर्मसाधनम्' । कस्य उक्तिरियम् ?

(ब्रह्मचारिणः, पार्वत्यः, मेनायाः)

4. 'सरोजसन्धानमिवाकरोदपाम्' । का ?

(सखी, पार्वती, मेना)

5. मनीषिभिः किं साप्तपदीणमुच्यते ?

(तपः, सज्जनसङ्गाः, पूजा)

6. अयं जनः प्रष्टुमनास्तपोधने' । अतत्र तपोधना का ?

(सखी, मेना, पार्विति)

7. 'विवर्तिनानञ्जननेत्रमैक्षत' । का ?

(सखी, मेना, पार्विति)

8. चिरव्यस्थापितवाक् इति कस्मात् पार्वतीं वर्णयति ?

(स्फटिकाक्षमाळासमर्पणात्, अन्नपानात्, नर्तनात्)

CHMK LIBRARY UNIVERSITY OF CALICUT

9. 'अवस्तुनिर्बन्धपरे !' इति ब्रह्मवचारी कां संबुध्यति ?

(सखीम्, पार्वतीम्, लक्ष्मीम्)

10. भासस्य कर्णभारं नाम नाटकस्य इतिवृत्तं कस्मात् ग्रन्थात् स्वीकृतम् ?

(रामायणात्, महाभारतात्, शकुन्तळात्)

11. पूर्वं कुन्त्यां समुत्पन्नः राधेय इति विश्रुतः' । कः ?

(अर्जुनः, दुर्योधनः, कर्णः)

12. नाटकेऽस्मिन् कः परशुरममुपगतः ?

(कर्णः, परशुरामः, अर्जुनः)

13. कः कर्णं शशाप ?

(शल्यः, परशुरामः, कृष्णः)

14. 'भोः कर्ण ! महत्तरां भिक्षां याचे' । कस्य वचनमिदम् ?

(कर्णस्य, शक्रस्य, सूर्यस्य)

15. किं किं शुष्यति ?

(शिक्षा, जलम्, हुतम्)

16. किं किं तथैव तिष्ठति ?

(हुतं च दत्तं च, सद्मूला पादपाः, शिक्षा)

17. ———————— लभते स्वर्गम् ।

(हतः, निष्फलः, भाग्यः)

CHMK LIBRARY UNIVERSITY OF CALICUT

18. हतेषु देहेषु ———————— धरन्ते ।

(दोषाः, गुणाः, हताः)

19. पुरुषेण यत्नैः कः साध्यः ?

(धर्मः, अधर्मः, अर्थः)

20. रूपकाणि कति सन्ति ?

(दश, सप्त, पञ्च)

CHMK LIBRARY UNIVERSITY OF CALICUT

C 22367 (Pages : 3) Name.....................................

Reg. No..................................

# FOURTH SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, APRIL 2022

(CBCSS)

Malayalam

MAL 4C 14/SKT 4E 13—SANSKRIT LITERATURE FOR BEGINNERS

(2019 Admission onwards)

Time : Three Hours Maximum : 30 Weightage

## General Instructions

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *The instruction if any, to attend a minimum number of questions from each sub section / sub part / sub division may be ignored.*
4. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

*Answers may be written either in Sanskrit, English or in Malayalam.*
*In writing Sanskrit, Devanagari script should be used.*

## Part A

I. Explain fully any *four* without omitting any part :

कमपि भागमनपहाय चत्वारि व्याख्यात :

(a) 1 करितुरगरथस्थैः पार्थकेतोः पुरस्तात्

मुदितनृपतिसिंहैः सिंहनादः कृतोऽद्य

त्वरितमरिनिनादैर्दुस्सहैर्लोकवीरः

समरमधिगतार्थः प्रस्थितो नागकेतुः ।।

2 अन्योन्यशस्त्रविनिपातनिकृत्तगात्र-

यौधाश्ववारणरथेषु महाहवेषु

क्रुद्धान्तकप्रतिमविक्रमिणो ममापि

वैधुर्यमापतति चेतसि युद्धकाले ।।

Turn over

CHMK LIBRARY UNIVERSITY OF CALICUT

3 अङ्गै: सहैव जनितं मम देहरक्षा

देवासुरैरपि न भेद्यमिदं सहास्त्रै:

देयं तथापि कवचं सह कुण्डलाभ्यां

प्रीत्या मया भगवते रुचितं यदि स्यात् ।।

4 शिक्षा क्षयं गच्छति कालपर्ययात्

सुबद्धमूला निपतन्ति पादपा:

जलं जलस्थानगतं च शुष्यति

हुतं च दत्तं च तथैव तिष्ठति ।।

(b) 5 प्रयुक्तसत्कारविशेषमात्मना

न मां परं संप्रतिपत्तुमर्हति

यत: सतां संगतगात्रि संगतं

मनीषिभि: साप्तपदीनमुच्यते ।।

6 दिवं यदि प्रार्थयसे वृथा श्रम:

पितु: प्रदेशात्तव देवभूमय:

अथोपयन्तारमलं समाधिना

न रत्नमन्विष्यति मृग्यते हि तद् ।।

7 सखी तदीया तमुवाच वर्णिनं

निबोध साधो तव चेत्कुतूहलं

यदर्थमम्भोजमिवोष्णवारण

कृतं तप:साधनमेतया वपु: ।।

CHMK LIBRARY UNIVERSITY OF CALICUT

8 इयं च तेऽन्या पुरतो विडम्बना

यदूढया वारणराजहार्यया

विलोक्य वृद्धोक्षमधिष्ठितं त्वया

महाजन: स्मेरमुखो भविष्यति ।।

(4 × 2 = 8 weightage)

## Part B

II. Annotate any *four* :

चतुर्णां सप्रकरणमाशयं लिखत :

9 हुतं च दत्तं च तथैव तिष्ठति ।

10 वनमिव हतसिंहं सुप्रवेशं करोमि ।

11 अस्ति खलु भगवत: क्षत्रियवंश्यै: पूर्ववैरम् ।

12 न कामवृत्तिर्वचनीयमीक्षते ।

13 मनोरथानामगतिर्न विद्यते ।

14 क्लेश: फलेन हि पुनर्नवतां विधते ।

(4 × 3 = 12 weightage)

## Part C

III. Write an essay on any *two* :

द्वावुपन्यस्यत :

15 Write an account on the generosity of Karna

*Or*

16 प्रचक्रमे वक्तुमनुज्झितक्रम: – What ? Explain the dialogue ?

17 Sketch the character of Salya in the play Karnabhara.

*Or*

18 सखी तदीया तमुवाच वर्णिनम्– Explain the wordings of her Sakhi.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

C 20971 (Pages : 2) Name.....................................

Reg. No..................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2022

(CCSS)

Malayalam

MAL 4E 16—FOLKLORE

(2019 Admissions)

Time : Three Hours Maximum : 80 Marks

I. ഏതെങ്കിലും നാലു ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1 ഫോക്, ലോർ എന്നീ പദങ്ങളെ പരിചയപ്പെടുത്തുക.

2 നാടോടി സാഹിത്യത്തിന് പാഠമല്ല പാഠാന്തരങ്ങളാണുള്ളത് എന്ന അഭിപ്രായത്തിന്റെ യുക്തി പരിശോധിക്കുക.

3 കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട സാങ്കേതിക വിദ്യകളെക്കുറിച്ച് എഴുതുക.

4 ഓണപ്പാട്ടുകൾ– കുറിപ്പെഴുതുക.

5 ഗോത്ര കലയെന്ന നിലയിൽ ചാറ്റുപാട്ടിനെ പരിചയപ്പെടുത്തുക.

6 കുമ്മാട്ടിയുടെ സവിശേഷതകളെന്ത് ?

7 മറുത്തു കളിയുടെ പ്രാദേശികവും ഭാഷാപരവുമായ പ്രത്യേകതകൾ സംഗ്രഹിക്കുക.

(4 × 2 = 8 marks)

II. ഏതെങ്കിലും നാലു ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 ഫോക്ക്‌ലോർ പഠനത്തിന്റെ പ്രസക്തി എന്തെന്ന് ചുരുക്കി വിവരിക്കുക.

9 മലയാളത്തിലെ രണ്ട് ഫോക്‌ലോർ എഴുത്തുകാരെ പരിചയപ്പെടുത്തുക.

10 സ്ത്രീയുടെ സാമൂഹിക പദവിയെ സൂചിപ്പിക്കുന്ന അഞ്ചു പഴഞ്ചൊല്ലുകളെക്കുറിച്ച് കുറിപ്പെഴുതുക.

11 വടക്കൻ പാട്ടുകളെ തെക്കൻ പാട്ടുകളിൽ നിന്ന് വ്യത്യസ്തമാക്കുന്നത് എന്ത് ?

12 ഗോത്ര കഥലകളുടെ സവിശേഷതകൾ ഉദാഹരണസഹിതം വിവരിക്കുക.

13 മാർഗ്ഗം കളിയുടെ സവിശേഷതകൾ വിവരിക്കുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 ഫോക്‌ലോറിന്റെ വൈവിധ്യവും സമകാലിക പ്രസക്തിയും വിശദീകരിക്കുക.

15 കേരളത്തിലെ നാടൻപാട്ടുകളുടെ വർഗ്ഗീകരണ സാധ്യതകളെ പരിശോധിക്കുക.

16 കാവുകളുടെ പാരിസ്ഥിതിക പ്രാധാന്യവും കാവ് സംരക്ഷണത്തിന്റെ സമകാലിക പ്രസക്തിയും വിവരിക്കുക.

17 ഏതെങ്കിലും ഒരു നാടോടി നാടകത്തിന് ആസ്വാദനക്കുറിപ്പ് എഴുതുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

C 20969 (Pages : 2) Name.....................................

Reg. No...................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2022

(CCSS)

Malayalam

MAL 4E 14—KERALA THOUGHT

(കേരളീയ ചിന്ത)

(2019 Admissions)

Time : Three Hours Maximum : 80 Marks

I. ഏതെങ്കിലും നാലു ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1 ഞാറ്റുവേല–കുറിപ്പെഴുതുക.

2 "ഉർവ്വിയിൽ ശപിക്കപ്പെട്ട സന്തതിയെന്ന നിത്യം

സർവ്വരും പഴിച്ചീടുന്നു കൂസലില്ലാതെ"

–സന്ദർഭം വ്യക്തമാക്കുക.

3 നിത്യചൈതന്യയതി–കുറിപ്പെഴുതുക.

4 "ഇന്നലെയോളം എന്തെന്നറിഞ്ഞില്ല

ഇന്നി നാളെയുമെന്തെന്നറിവീല"

–ഈ വരികളിലെ ദാർശനിക നിലപാട് വിശദീകരിക്കുക.

5 അമേരിക്ക കണ്ടവരാര് ? എന്ന ലേഖനത്തിലെ സാമൂഹിക കാഴ്ചപ്പാട് ചുരുക്കി വിവരിക്കുക.

6 കേരളത്തിലെ ഇസ്ലാം ദാർശനിക പശ്ചാത്തലത്തിൽ കപ്പപ്പാട്ടിനെ വിലയിരുത്തുക.

7 കോളണി ആധുനികതയുടെ സദ്ഫലങ്ങളെന്ത് ?

(4 × 2 = 8 marks)

II. ഏതെങ്കിലും നാലു ചോദ്യത്തിന് നാല് പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 വിത്തുകളെക്കുറിച്ച് കൃഷിഗീതയിലെ വിവരണങ്ങളെന്ത് ?

9 യുക്തിഭാഷ എന്ന കൃതി മലയാള ഗണിത ശാസ്ത്രത്തിന്റെ പ്രൗഢ പാരമ്പര്യത്തെ വെളിപ്പെടുത്തുന്നു –വിശദമാക്കുക.

10 സ്ത്രീയെ സുന്ദരവും കാമ്യവുമായ എന്നാൽ ചഞ്ചലമായ ഒരു വസ്തുവായി ചിത്രീകരിച്ചതിൽ ചങ്ങമ്പുഴക്കു വലിയ പങ്കുണ്ട്–ദേവികയുടെ ഈ അഭിപ്രായത്തിന്റെ സാംഗത്യമെന്ത് ?

CHMK LIBRARY UNIVERSITY OF CALICUT

11 കേരളത്തിന്റെ സസ്യശാസ്ത്ര വിജ്ഞാനത്തിന് ഹോർത്തൂസ് മലബാറിക്കസ് നല്കിയ സംഭാവനകൾ വിലയിരുത്തുക.

12 കേരളീയ വാസ്തു ശാസ്ത്ര കൃതിയെന്ന നിലയിൽ മനുഷ്യാലയ ചന്ദ്രികയെ പരിചയപ്പെടുത്തുക.

13 നവ സാഹിത്യ പ്രസ്ഥാനങ്ങളെ മലയാളത്തിനു പരിചയപ്പെടുത്തിയ എഴുത്തുകാരനെന്ന നിലയിൽ കേസരിയുടെ സംഭാവനകളെ വിലയിരുത്തുക.

(4 × 10 = 40 marks)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 ജൈവവൈവിധ്യത്തെക്കുറിച്ചും കാലാവസ്ഥയെക്കുറിച്ചും കൃഷിഗീത നല്കുന്ന അറിവുകൾ സംഗ്രഹിക്കുക.

15 കേരളീയ ദാർശനിക പാരമ്പര്യത്തിന് ചട്ടമ്പി സ്വാമികൾ, ബ്രഹ്മാനന്ദ ശിവയോഗി എന്നിവർ നല്കിയ സംഭാവനകൾ വിലയിരുത്തുക.

16 മതവും ദൈവിചാരവും സാമൂഹിക പുരോഗതിക്കും മാനവ ഐക്യത്തിനുമുള്ള ഉപാധികളായിരുന്നു ശ്രീനാരായണഗുരുവിന് –ആത്മോപദേശ ശതകത്തെ മുൻ നിർത്തി ഉപന്യസിക്കുക.

17 ചരിത്രത്തിന്റെ വികാസപരിണാമ പ്രക്രിയയെ മാർക്സിയൻ വീക്ഷണത്തിൽ അപഗ്രഥിച്ച മലയാളത്തിലെ ആധികാരിക ഗ്രന്ഥമാണ് കെ. ദാമോദരന്റെ മനുഷ്യൻ–ഉപന്യസിക്കുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

C 20968 (Pages : 2) Name.....................................

Reg. No..................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2022

(CCSS)

Malayalam

## MAL 4E 13—MODERN CRITICAL THEORIES

(ആധുനിക വിമർശന സിദ്ധാന്തങ്ങൾ)

(2019 Admissions)

Time : Three Hours Maximum : 80 Marks

I. ഏതെങ്കിലും **നാലു** ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

കുറിപ്പെഴുതുക.

1 ഉത്തരാധുനികത.

2 സൂചകവും സൂചിതവും.

3 അപകോളനീകരണം.

4 ലൂക്കാച്ച്.

5 പ്രാഗ് സ്കൂൾ.

6 ഐജാസ് അഹമ്മദ്.

7 അയ്യപ്പപ്പണിക്കർ.

(4 × 2 = 8 marks)

II. ഏതെങ്കിലും **നാലു** ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 ലോകത്തെ പ്രത്യക്ഷണം ചെയ്യുന്നതിനും അനുഭവങ്ങളെ ഏകോപിപ്പിക്കുന്നതിനും രൂപപ്പെടുത്തിയിട്ടുള്ള സവിശേഷ ഘടനകളെപ്പറ്റിയുള്ള വിചാരമാണ് ഘടനാവാദം– വിശദമാക്കുക.

9 ഫ്രോയിഡിന്റെ സമൂഹ അബോധം എന്ന സങ്കല്പനത്തെ പരിചയപ്പെടുത്തുക.

10 ഗ്രാംഷിയുടെ മേൽക്കോയ്മ എന്ന സങ്കല്പനത്തെക്കുറിച്ച് വിവരിക്കുക.

11 ലിംഗ അസമത്വത്തിനെതിരെയുള്ള പ്രതിരോധവും പ്രതിഷേധകവുമായി സരസ്വതിയമ്മയുടെ കൃതികൾ മാറുന്നതിനെക്കുറിച്ച് ജെ. ദേവികയുടെ അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

12 അതികഥനം എന്ന ആഖ്യാന സവിശേഷത്തെക്കുറിച്ച് വിവരിക്കുക.

13 മരണത്തിന്റെ പ്രദേശവും ഭൂതത്തിന്റെ സാന്നിധ്യവും എന്ന ലേഖനത്തിൽ സ്വീകരിച്ചിട്ടുള്ള വിമർശന പ്രവണതകളെ വിലയിരുത്തുക.

(4 × 10 =40 marks)

Turn over

CHMK LIBRARY UNIVERSITY OF CALICUT

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 'വീണ്ടും മഞ്ഞ്' എന്ന ലേഖനത്തിലെ മലയാളിയുടെ ആദർശ സ്ത്രീസങ്കല്പത്തെക്കുറിച്ചുള്ള നിലപാടുകൾ വിലയിരുത്തുക.

15 ഗ്രന്ഥകാരന്റെ മരണം എന്ന സങ്കല്പനത്തിന്റെ സവിശേഷതകളെന്ത് ?

16 രൂപഭാവങ്ങളെക്കുറിച്ചുള്ള ഫോർമലിസ്റ്റ് സങ്കല്പനങ്ങൾ വിശദീകരിക്കുക.

17 ദറീദ അവതരിപ്പിച്ച അപനിർമ്മാണം എന്ന സങ്കല്പനത്തിന്റെ അടിസ്ഥാന തത്വങ്ങൾ വിശദീകരിക്കുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

C 20967 (Pages : 2) Name.....................................

Reg. No.....................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2022

(CCSS)

Malayalam

## MAL 4E 12—MALAYALAM WRITING AND RESEARCH METHODOLOGY

(2019 Admissions)

Time : Three Hours Maximum : 80 Marks

I. ഏതെങ്കിലും നാലു ചോദ്യത്തിന് കുറിപ്പെഴുതുക.

1 സമ്പുഷ്ടഭാഷ.

2 ഉപന്യാസം.

3 സന്ധി.

4 വിഭക്തി.

5 വികല്പം.

6 മലയാള അക്കങ്ങൾ എഴുതുക.

7 സാഹിത്യസാഹ്യം.

(4 × 2 = 8 marks)

II. ഏതെങ്കിലും നാലു ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 മലയാളത്തിന്റെ ശ്രേഷ്ഠഭാഷാപദവി–കുറിപ്പെഴുതുക.

9 പോസ്റ്റർ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്തെല്ലാം ?

10 അനുപ്രയോഗങ്ങൾ എന്തെന്നു വിശദമാക്കി രചനയിൽ അതിന്റെ പ്രാധാന്യമെന്തെന്ന് വിവരിക്കുക.

11 പരികല്പന എന്നതു കൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?

12 പ്രൂഫ് റീഡിങ്, എഡിറ്റിങ് എന്നിവയിൽ പുലർത്തേണ്ട നിഷ്കർഷകളേവ ?

13 ഗ്രന്ഥസൂചി തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളേവ ?

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT

Turn over

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 നോവൽ-ചെറുകഥ, നാടകം-തിരക്കഥ ഇവ സാഹിത്യ ജനുസ്സുകളെന്ന നിലയിൽ ഘടനാപരമായി വ്യത്യസ്തമാവുന്നതെങ്ങനെയെന്ന് വിവരിക്കുക.

15 മലയാള ഭാഷയെ ജനകീയമാക്കിയതിൽ അച്ചടിക്കുള്ള പങ്ക് എന്തെന്നു വിവരിക്കുക.

16 ഒരു ഗവേഷണ വിഷയം കണ്ടെത്തി സിനോപ്സിസ് തയ്യാറാക്കുക.

17 ഗവേഷണ പ്രക്രിയയിൽ വിഷയ സ്വീകരണത്തിനുള്ള പ്രാധാന്യമെന്ത് ?

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

C 20966 (Pages : 3) Name.....................................

Reg. No...................................

# FOURTH SEMESTER P.G. DEGREE EXAMINATION, APRIL 2022

(CCSS)

Malayalam

## MAL 4E 11—CONTEMPORARY MALAYALAM POETRY

(സമകാല മലയാള കവിത)

(2019 Admissions)

Time : Three Hours Maximum : 80 Marks

I. ഏതെങ്കിലും നാലു ചോദ്യത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

താഴെ കൊടുത്തിട്ടുള്ള കാവ്യഭാഗങ്ങൾ വായിച്ച് കവി, കാവ്യം, സന്ദർഭം, സാരാംശം എന്നിവ എഴുതുക.

1 "പാടുന്ന പിശാചിൽ
പാരഡൈസ് ലോസ്റ്റിൽ
ഡിവൈൻ കോമഡിയിൽ
മാനിഫെസ്റ്റോയിൽ
എല്ലാ സൃഷ്ടികൾക്കും രസതന്ത്രം പരിവേഷം"

2 "എന്നിലൂടെ കടന്നു പോകുന്നുണ്ട്
നിന്നെയോർക്കാതിരിക്കുമ്പോഴും നിന്റെ
ഗൂഢകാന്തികാവേഗ പ്രസാരണം"

3 "ആന്ധ്രക്കാർ അരി തന്നു
പച്ചക്കറി കന്നഡക്കാർ
അണ്ണാച്ചി തമിഴന്മാർ
പണികളെല്ലാമവരെടുത്തു
പുരോഗമനം പത്തി താഴ്ത്തി
പുട്ടപർത്തിയിൽ പോയി വന്നു"

Turn over

CHMK LIBRARY UNIVERSITY OF CALICUT

4 "എന്നിട്ടും
എല്ലാവരും എല്ലാക്കാലത്തും
ആ ഒറ്റ വാഗണിനെപ്പറ്റി
പറഞ്ഞു കൊണ്ടിരുന്നു
അതെക്കുറിച്ചു സങ്കല്പിക്കാൻ
ആർക്കും കഴിയും.
കാരണം
സങ്കല്പം
തുരുമ്പാണ്"

5 "ചത്താലലിയുമേതോല്ലുമസംശയം
ഒക്കുകയില്ല പനർജന്മമാകയാൽ ;
ആത്മാവിനേക്കാൾ പരമാർത്ഥമായുള്ള
തുപ്പുമാവാണെന്നറിക സഹോദരാ"

6 "തിണ്ണയിലിരിക്കുമ്പോൾ
നിലാവ് വരും
നക്ഷത്രം വരും
നിന്റെയുള്ളിൽ
ഒരിക്കലും ഞാൻ മായാത്ത
കിനാവു വരും"

7 "കുട്ടികൾ പിന്നാലെ കൂടി
ഒരുത്തൻ പാവയെ
തൊടാനാഞ്ഞു
പാവക്കാൻ ഒന്നു കുതിച്ചു
കുട്ടികൾ പിന്മാറി
പാവയ്ക്ക് ഒന്നും മനസ്സിലായില്ല"

(4 × 2 = 8 marks)

II. ഏതെങ്കിലും നാലു ചോദ്യത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8 ഉത്തരവാദിത്വത്തിന്റെയും സ്നേഹത്തിന്റെയും ആഖ്യാനമാണ് അമ്മയെക്കുളിപ്പിക്കുമ്പോൾ—ചർച്ച ചെയ്യുക.

9 കെ.ജി.എസ്. കവിതകളിലെ ഭാവുകത്വപരമായ സവിശേഷതകൾ പാഠഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

CHMK LIBRARY UNIVERSITY OF CALICUT

10 പ്രകൃതിയെ ജീവിതത്തോടും കാഴ്ചപ്പാടിനോടും ചേർത്തുനിർത്തുന്നവരാണ് കീഴാളർ–കുരീപ്പുഴ ശ്രീകുമാറിന്റെ കവിതയെ മുൻനിർത്തി ചർച്ച ചെയ്യുക.

11 എൽ. തോമസ് കുട്ടിയുടെ വിസ്മയം എന്ന കവിതയിലെ ഭാഷാ സവിശേഷതകൾ വിവരിക്കുക.

12 പാശ്ചാത്യ പ്രവണതകളുടെ പിന്നാലെ പോകാതെ സ്വന്തം മണ്ണിൽ കാലുറപ്പിച്ചവരാണ് ആധുനികാനന്തര കവികൾ–ഉദാഹരണസഹിതം വിവരിക്കുക.

13 അണ്ണാറക്കണ്ണോത്സവം എന്ന കവിതയെ മുൻനിർത്തി എം.എസ്. ബനേഷിന്റെ കവിതകളുടെ സവിശേഷതകൾ വിവരിക്കുക.

(4 × 10 = 40 marks)

III. ആറ് പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 സമകാല മലയാള കവിതയെ സൈബർ സംസ്കാരം സ്വാധീനിച്ചതെങ്ങനെയെന്ന് പാഠഭാഗങ്ങളെ മുൻനിർത്തി വിലയിരുത്തുക.

15 തീരദേശ വാമൊഴിയുടെ ജീവിതഗന്ധിയായ ഭാവുകത്വ പരിസരമാണ് ഡി. അനിൽ കുമാറിന്റെ കവിതയെ ശ്രദ്ധേയമാക്കുന്നത്–ചർച്ച ചെയ്യുക.

16 തലമുറ മാറ്റത്തിന്റെയും സാങ്കേതിക വികാസത്തിന്റേയും ഇടയിലെ നിസ്സഹായതയാണ് ഏകാന്തതയുടെ അമ്പതു വർഷങ്ങൾ എന്ന കവിതയെ ശ്രദ്ധേയമാക്കുന്നത് –ചർച്ച ചെയ്യുക.

17 ആധുനിക മലയാള കവിതയിൽ പ്രത്യക്ഷമാവുന്ന സ്ത്രീപക്ഷ നിലപാടുകളുടെ രാഷ്ട്രീയം ചർച്ച ചെയ്യുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT